**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.279 — 12.01.2021 ൽ മറുപടിക്ക്

മുക്കം സി.എച്ച്.സി നവീകരണം

| | ചോദ്യം<br>ശ്രീ. ജോർജ് എം. തോമസ്: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സി.എച്ച്.സി -കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള 152 ബ്ലോക്ക് തല സി.എച്ച്.സി കളിൽ 76 സി.എച്ച്.സി. യിൽ ബ്ലോക്ക് എഫ്.എച്ച്.സി. ആയി പരിവർത്തനം ചെയ്യുന്നതിന് അടിസ്ഥാന സൗകര്യങ്ങൾക്ക് 28 കോടി 31 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് G.O.(Rt) No. 619/2020/H&FWD, dated 20.03.2020 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവർത്തികൾക്കുള്ള ഫണ്ടിന്റെ ആദ്യ ഗഡു 14.16 കോടി രൂപ NHM എഞ്ചിനീയറിംഗ് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | മുക്കം സി.എച്ച്.സി -യുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നും പദവി ഉയർത്തി താലൂക്ക് ആശുപത്രി നിലവാരത്തിലാക്കണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ ഒന്നും ലഭ്യമായിട്ടില്ല. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ബ്ലോക്ക തല സി.എച്ച്.സി. ആക്കാൻ രണ്ടാം ഘട്ടത്തിൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ള 76 സി.എച്ച്.സി.കളിൽ മുക്കം സി.എച്ച്.സിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല, ഓരോ സ്ഥാപനത്തെയും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കലാണ് ആർദ്രം മിഷൻ വിഭാവനം ചെയ്യുന്നത്. |
| (സി) | ആയതിലേയ്ക്കായി നടപടികൾ സ്വീകരിക്കുമോ? | | |

Han

സെക്ഷൻ ഓഫീസർ